# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 സെപ്റ്റംബർ 30, വെള്ളി

നമ്പർ 20

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ഗവൺമെന്റ് പ്രമേയം :

അതിർത്തിക്കപ്പുറത്തുനിന്നുള്ള ഭീകരാക്രമണത്തെ ചെറുക്കുന്നതിനായി ഭീകരരുടെ ക്യാമ്പുകൾക്കെതിരെ ഇന്ത്യൻ സൈന്യം സ്വീകരിച്ച നടപടിയെ അഭിനന്ദിച്ചുകൊണ്ടും കേരള നിയമസഭയുടെ സർവ്വവിധ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ടും മുഖ്യമന്ത്രി ചട്ടം 118 അനുസരിച്ചുള്ള ഒരു പ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ഒ. രാജഗോപാൽ എന്നിവർ പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു.

പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കി.

അടിയന്തരപ്രമേയം :

സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിന് തലവരിപ്പണം ഈടാക്കുന്നതായുള്ള പരാതികൾമൂലവും സുപ്രീം കോടതി വിധിപ്രകാരം പ്രവേശനം പൂർത്തിയാക്കാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് നടത്താതെ സ്വകാര്യ മാനേജ്മെന്റുകൾക്ക് അഴിമതി നടത്താൻ സർക്കാർ സഹായിക്കുന്നുവെന്ന് പറയപ്പെടുന്നതുമൂലവും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ടി. ബൽറാമും മറ്റൊരംഗവും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP. 13/2017(i).

ശ്രദ്ധ ക്ഷണിക്കൽ :

മറ്റ് സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന കേരളീയർ അനുഭവിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേക്ക് ശ്രീ. കെ. വി. അബ്ദുൾ ഖാദർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ബി. ഡി. ദേവസ്സി | ആളിയാർ പറമ്പിക്കുളം നദീജല കരാർ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. കാരാട്ട് റസാഖ് | താമരശ്ശേരിയിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. കൃഷ്ണൻ | വയൽ കമ്മിറ്റി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | റവന്യൂ മന്ത്രി |
| 4 | ശ്രീമതി ഗീതാ ഗോപി | നാട്ടിക, കയ്പമംഗലം തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് | ജലവിഭവ മന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണം സംബന്ധിച്ച് | കൃഷി മന്ത്രി |
| 6 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ മന്ത്രി |

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് അതാത് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു.

ചട്ടം 47(2) പ്രകാരം :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1662, പതിനാറാം സമ്മേളനത്തിലെ 1578, 1590 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 6092, പതിനഞ്ചാം സമ്മേളനത്തിലെ 3217 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്യുകയും 2016 ഒക്ടോബർ 3-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.09-ന് സഭ പിരിയുകയും ചെയ്തു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**SECOND SESSION**

# BULLETIN—PART I

(Brief Record of Proceedings)

*Friday, September 30, 2016*

**No. 20**

The Assembly met at 8.30 am with Mr. Speaker in the Chair.

*Questions :*

Three questions in the list of Questions posted for the day were answered orally.

*Government Resolution :*

Shri Pinarayi Vijayan Chief Minister moved a resolution under Rule 118 extending support and congratulating the Indian Army for their strike on terrorist camps across the LOC. Shri Ramesh Chennithala, Leader of Opposition and Shri O. Rajagopal supported the resolution. The resolution was passed by the House unanimously.

*Adjournment Motion :*

After hearing the Minister for Health and Social Justice and the Chief Minister the Speaker withheld the consent to the moving of an adjournment motion given notice of by Shri V. T. Balram and another Member regarding the serious situation that had reported to have arisen in the self financing medical education sector due to the complaints that capitation fee was being collected by the managements for admission to medical colleges and the alleged support of the Government to private managements for corruption, by not conducting centralized counselling for admission to vacant seats as per the verdict from the Supreme Court.

As a mark of protest against the attitude of the Government in the matter Members belonging to the opposition staged a walkout.

*Calling attention :*

Shri K. V. Abdul Khader called the attention of the Chief Minister to the problems reportedly being faced by the Keralites who are employed in other states.

The Chief Minister made a statement thereto.

KNPP. 13/2017(ii).

*Matters raised under Rule 304. :*

The following matters raised under Rule 304 by Members in listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ബി. ഡി. ദേവസ്സി | ആളിയാർ പറമ്പിക്കുളം നദീജല കരാർ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. കാരാട്ട് റസാക്ക് | താമരശ്ശേരിയിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. കൃഷ്ണൻ | വയൽ കമ്മിറ്റി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | റവന്യൂ മന്ത്രി |
| 4 | ശ്രീമതി ഗീതാ ഗോപി | നാട്ടിക, കയ്പമംഗലം തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് | ജലവിഭവ മന്ത്രി |
| 5 | ശ്രീ. കെ. കുഞ്ഞിരാമൻ | കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണം സംബന്ധിച്ച് | കൃഷി മന്ത്രി |
| 6 | ശ്രീ. ആർ. രാമചന്ദ്രൻ | കരുനാഗപ്പള്ളി ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ മന്ത്രി |

*Papers laid on the Table :*

The following papers were laid on the Table as per Rule 47(2):

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1662, പതിനാറാം സമ്മേളനത്തിലെ 1578, 1590 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 6097, പതിനഞ്ചാം സമ്മേളനത്തിലെ 3217 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

The Private Members' business was cancelled and the House adjourned at 11. 9 a.m. to meet again at 8. 30 a.m. on Friday, September 30, 2016.

V. K. Babu Prakash,
*Secretary.*